# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(BP)/1002/23/

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 30/09/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3. ഓഫീസ് കോപ്പി

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(BP)/1002/23/ തീയ്യതി: 30/09/2023

# എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സാംകുട്ടി ടി എൽ | ജോയിന്റ് ഡയറക്ടർ | 20-06-2023 | 27-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2023 | 27-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസിയ ബീവി ജെ., ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ റഷീദ്.സി.എം.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി മേഴ്സി കെ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ്.ടി.എസ്.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജു പി നായർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.നാസർ കെ എച്ച് | സെക്രട്ടറി | 01-04-2022 | 03-04-2022 |
| ശ്രീമതി സുജാത കെ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-04-2022 | 04-05-2022 |
| ശ്രീ.നാസർ കെ എച്ച് | സെക്രട്ടറി | 05-05-2022 | 31-05-2022 |
| ശ്രീ. എസ് ജെ ശ്രീകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 03-07-2022 |
| ശ്രീ. സാബു കെ മാർക്കോസ് | സെക്രട്ടറി | 04-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ്യ ജെ എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശർമ്മിള സി പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഡിഫ്ന ഡിക്രൂസ് | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്റ്റ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.രാജേഷ് കെ കെ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ജെയിംസ് ജോസഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ചിത്ര പി എം | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ ഷാജി പി എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,മുളന്തുരുത്തി) | 01-04-2022 | 31-03-2023 |
| ഡോ സീന എൻ എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,കീച്ചരി) | 01-04-2022 | 27-06-2022 |
| ഡോ അപ്പു സിറിയക്ക് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,കീച്ചരി) | 28-06-2022 | 31-03-2023 |
| ഡോ സുധ എ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,പൂത്തോട്ട) | 01-04-2022 | 31-05-2022 |

| | | | |
|---|---|---|---|
| ഡോ സ്മിത എം ജി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,പൂത്തോട്ട) | 01-06-2022 | 28-10-2022 |
| ഡോ മാത്യൂ എം ജോസഫ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,പൂത്തോട്ട) | 29-10-2022 | 31-03-2023 |
| ഡോ രാജു ആന്റണി | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ഇന്ദു നായർ പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ | 01-04-2022 | 07-08-2022 |
| ശ്രീമതി ഡൗലിൻ പീറ്റർ സി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ | 08-08-2022 | 18-10-2022 |
| ശ്രീ.ബെഷി വി ജി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ | 19-10-2022 | 01-11-2022 |
| ശ്രീമതി ലേഖ കെ കെ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ | 02-11-2022 | 31-03-2023 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ടെണ്ടർ ഫോം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-1 |
| 3 | RP-7 ഷെഡ്യൂളിൽ ചെലവ് ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | ബജറ്റ് | 1-2 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | വാടക വരവ് | 1-11 |
| 14 | തോട്ടറ പുഞ്ച - പമ്പ്സെറ്റ് സ്ഥാപിച്ചുവെങ്കിലും പ്രവർത്തനം തുടങ്ങിയില്ല | 1-12 |
| 15 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-13 |
| 16 | ബ്ളോക്ക് ഓഫീസിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ | 1-14 |
| 17 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-15 |
| 18 | മാമോഗ്രാം യൂണിറ്റ് കെട്ടിട നിർമ്മാണം - പ്രൊജക്ട് പൂർത്തീകരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 19 | മരാമത്ത് പൊതു അപാകതകൾ | 1-17 |
| 20 | ഷീ ജിം വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ-എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന സംയുക്ത പദ്ധതി. | 1-18 |
| 21 | കടവത്താനിക്കൽ മുതൽ പാപ്പനയിൽ ഭാഗം വരെ -തിരുമറയൂർ പാടശേഖരം-ഇലക്ട്രിക്കൽ ലൈൻ വലിക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 22 | വിവിധ പഞ്ചായത്തുകൾക്ക് ബ്ളോക്ക് വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 3(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 17.05.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതുപോലെ, അക്കൗണ്ടിംഗ് രേഖകളുടെ തെറ്റായ പരിപാലനം കാരണവും ഓഡിറ്റ് തെളിവുകൾ നേടുന്നതിലെ വസ്തുതാപരവും വ്യാപകവുമായ അപര്യാപ്തതകൾ കാരണവും ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള രസീത് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ (കമ്മി അല്ലെങ്കിൽ മിച്ചം), ആസ്തികളും എന്നിവ ഉൾപ്പെടുന്ന വാർഷിക സാമ്പത്തിക പ്രസ്താവനകൾ സത്യസന്ധവും ന്യായവുമായ വീക്ഷണം നൽകുന്നുണ്ടോ എന്ന അഭിപ്രായം പ്രകടിപ്പിക്കുവാൻ കഴിയുന്നില്ല.

സ്ഥലം : കാക്കനാട്

തീയതി : 04.09.2023

ജോയിന്റ് ഡയറക്ടർ

### 1-1-1 ടെണ്ടർ ഫോം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹16610വരവുണ്ട്. എന്നാൽ Tender Forms രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-2 RP-7 ഷെഡ്യൂളിൽ ചെലവ് ഉൾപ്പെട്ടിട്ടില്ല.

എ.സി.ആർ പ്രകാരം വികസന ഫണ്ട് ടി എസ് പി പ്രോജക്ട് നം 19 പ്രകാരം ₹88705 യുടെ

ചെലവുണ്ട്.എന്നാൽ സുലേഖ എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലോ RP-7 ഷെഡ്യൂളിലോ ടി ചെലവ് ഉൾപ്പെട്ടിട്ടില്ല.

## 1-2 ബജറ്റ്

2022-23 ലെ പുതുക്കിയ ബജറ്റ് 15.02.23 തീയതിയിലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു.

| | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) |
|---|---|---|---|---|
| ബജറ്റ് പ്രകാരം | 6959002 | 79119696 | 86078698 | 78856893 |
| ധനകാര്യപത്രിക പ്രകാരം | 6959002 | 67977877 | 74936879 | 68606163 |

ബജറ്റ് പ്രകാരമുള്ള വരവും-ചെലവും, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. ബജറ്റിലെ വരവ്-ചെലവ് കണക്കുകൾ കൃത്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് അടിസ്ഥാനമാക്കിയുള്ള വരവ്-ചെലവുകളാണ് ചേർത്തിരിക്കുന്നത്. പ്രസ്തുത കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | ₹ 6959002 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹ 67977877 |
| ആകെ | ₹ 74936879 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹ 68606163 |
| നീക്കിയിരിപ്പ് | ₹ 6330716 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 21465000 | 21465000 | 19356808 | 2108192 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 12668000 | 12668000 | 9355781 | 3312219 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 291000 | 291000 | 88703 | 202297 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 5571000 | 5571000 | 5002725 | 568275 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 570835 | 570835 | 4090148 | 1618887 |
| ബാങ്ക് | 166225 | 5590752 | 5756977 | 3881856 | 1875121* |
| ട്രഷറി | 0 | 517835 | 517835 | 208292 | 309543 |
| *₹399752/- KWA നിക്ഷേപ പ്രവൃത്തിക്ക് വിനിയോഗിച്ചശേഷം തിരിച്ചടച്ചതാണ് | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 3461000 | 3461000 | 2761221 | 699779 |

| | | | | | |
|---|---|---|---|---|---|
| ബാങ്ക് | 51891 | 3568615 | 3620506 | 2761488 | 859018 |
| ട്രഷറി | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| ഐ.സി.ഡി.എസ് | 866839 | 23512 | 890351 | 878677 | 11674 |
| 320100299 | 2499994 | 223209 | 2723203 | 2100017 | 623186 |
| 320300199 | 458790 | 93669 | 52459 | 92199 | 460260 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| നിർമൽ പുരസ്കാരം | 1896240 | 52323 | 1864518 | 451475 | 1413043 |
| നബാർഡ് സഹായം | 2410380 | 0 | 2410380 | 0 | 2410380 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പദ്ധതി | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 129 | 86386745 | 95 | 50194514 | 65 | 30 | 34 | 68% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2023 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനമാണ്. പ്രോജക്ടുകളുടെ ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് പരിശോധന നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള ഭൂരിഭാഗം പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിട്ടറിംഗ് സമിതിവിലയിരുത്തേണ്ടതാണ്.

2. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല. ടി ഇനത്തിൽ ഭീമമായ തുകയുടെ പ്രവൃത്തികൾ നാളിതുവരെയും പൂർത്തീകരിക്കപ്പെടാതെ ശേഷിക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമല്ലാതായിരിക്കുന്നു.

3. ടെണ്ടർ രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

4. അഡ്വാൻസ് രജിസ്റ്റർ/ഡെപ്പോസിറ്റ് രജിസ്റ്റർ/സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2022 – 26.11.2022 | 2021-2022 | 16.02.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.06.2022-04.07.2022 | 2013-14 To 2021-22 | 20.08.2022 |

1-11 വാടക വരവ്

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക കുടിശ്ശിക ഇനത്തിൽ തൻവർഷം ₹1,57,367/- യും, കുടിശികയായി ₹5,60,779/- യും ഉൾപ്പെടെ ആകെ ₹7,18,146/- ഉള്ളതായി കാണുന്നു. ടി തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കൂടാതെ വാടക രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല, (ഉദാ- വാടക, ഡെപ്പോസിറ്റ് വിവരങ്ങൾ,കരാർ വിവരങ്ങൾ, കുടിശ്ശിക വിവരങ്ങൾ, ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ). വാടക കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും. വാടക രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി വിവരം അറിയിക്കേണ്ടതുമാണ്.

1-12 തോട്ടറ പുഞ്ച - പമ്പ്സെറ്റ് സ്ഥാപിച്ചുവെങ്കിലും പ്രവർത്തനം തുടങ്ങിയില്ല

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ നടപ്പിലാക്കിയ, തോട്ടറ പുഞ്ച സമഗ്ര വികസനം എന്ന പ്രൊജക്ടിൽ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആമ്പല്ലൂർ, എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തുകളിലെ തോട്ടറ പുഞ്ചയിൽ വെള്ളത്തിന്റെ സുഗമമായ നീരൊഴുക്ക് നിയന്ത്രിക്കുന്നതിനായി പുലിമുഖം പാടശേഖരത്തിൽ 60 HP വെർട്ടിക്കൽ ആക്സിയൽ പമ്പുസെറ്റ് സ്ഥാപിക്കുക എന്നതാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി പ്രവൃത്തി മുഖേന 1200 ഏക്കർ സ്ഥലം കൃഷിയോഗ്യമാക്കുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം.

ഇതിനായി താഴെ പറയും പ്രകാരം തുക വകയിരുത്തി ആകെ ₹19,95,000/- ചെലവഴിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| പദ്ധതിയുടെ നം, പേര് | 67/2022-23 തോട്ടാറ പുഞ്ച സമഗ്ര വികസനം | | |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | | |
| ഫണ്ട്, അടങ്കൽ (ആകെ 20 ലക്ഷം) | ബ്ലോക്ക് വിഹിതം ₹<br>വികസന ഫണ്ട് (ജനറൽ)<br>9,86,547/-<br>തനത് ഫണ്ട് ₹13,453/- | എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് ₹5,00,000/- | ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് ₹5,00,000/- |
| ചെലവ്-<br>ബിൽ നം, തീയതി, തുക (ആകെ 19.95 ലക്ഷം) | 221106000000007544/ 15.03.23/ ₹9,86,547/-<br>Ch No. 6145311/23.03.23 ₹8,453/- | 22110652009101375852 /15.03.23 | 23110652009500142225 /29.05.23 |

റീജിയണൽ അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനെയാണ് (RAIDCO, Piravom) പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനായി "ഇ ടെണ്ടർ" വഴി തെരഞ്ഞെടുത്തിരിക്കുന്നത്. റെയ്ഡ്കോയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അക്കൗണ്ട് നമ്പർ 30907888775 ലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. റീജിയണൽ അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡിൽ നിന്നുള്ള താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം പമ്പ് സെറ്റ് സ്ഥാപിച്ചതായി 22.06.2023 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു.

| Invoice No. /Date | Amount | Transporation Mode, Vehicle Number, Date Of Supply, Place Of Supply |
|---|---|---|
| PVM/1275 /2022-23/ 10.03.23 | 19,95,000/- | വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |

എന്നാൽ ടി മോട്ടർ ഉപയോഗിച്ചുള്ള പമ്പിംഗ് തുടങ്ങിയിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച്, താഴെ

പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നമ്പർ 4/23.06.2023 നൽകിയതിന് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ ലഭ്യമാക്കിയ മറുപടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിരിക്കുന്നത്.

1. പമ്പിംഗ് തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കി മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന്, പമ്പ്സെറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ആയത് എത്രയും വേഗം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
2. ഇൻസ്റ്റലേഷൻ തീയതി- 17.03.2023, വാറണ്ടി കാലാവധി ഒരു വർഷം.
3. പമ്പ് സെറ്റ് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. സ്റ്റോക്ക് വിവരങ്ങളും നിലവിലെ കസ്റ്റോഡിയൻ ആരാണെന്ന വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന്, പുനസംഘടിപ്പിക്കപ്പെട്ട തോട്ടറപുഞ്ച സമിതിയാണ് നിലവിലെ കസ്റ്റോഡിയൻ എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കൽ, പമ്പുസെറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അനുബന്ധ സാമഗ്രികൾ വാങ്ങിക്കുന്നത് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനു ശേഷം എഗ്രിമെന്റ് മുഖാന്തിരം തോട്ടറ പുഞ്ച സമിതിക്ക് പമ്പ്സെറ്റ് കൈമാറുന്നതിനു 26.05.2023 ൽ ചേർന്ന സമിതിയോഗത്തിൽ തീരുമാനിച്ചിട്ടുള്ളതായും നിർവഹണോദ്യോഗസ്ഥൻ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.
4. <u>മോണിറ്ററിംഗ്</u>

പദ്ധതി പ്രകാരം സ്ഥാപിക്കുന്ന പമ്പ് സെറ്റിന്റെ തുടർ പരിപാലനം സംബന്ധിച്ച് ആസൂത്രണം നടത്തിയതായി പ്രൊജക്ടിൽ രേഖപ്പെടുത്തലുകൾ ഇല്ല. വിവിധ ഘട്ടങ്ങളിലെ മോണിറ്ററിംഗ് സംബന്ധിച്ച് ബില്ലുകൾ വൗച്ചറുകൾ, തുക കൈമാറൽ എന്ന് മാത്രമാണ് പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വൻ തുക ചെലവഴിച്ചിരിക്കുന്ന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതു സംബന്ധിച്ച്, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ (കൃഷിയും അനുബന്ധ മേഖലകളും) മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല. ആയതിനാൽ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തന വിവരങ്ങൾ, അംഗങ്ങളുടെ പേരുവിവരങ്ങൾ, പദ്ധതിയുടെ മോണിററിംഗ് റിപ്പോർട്ട് എന്നിവയും പമ്പിന്റെ പ്രവർത്തനവും തുടർപരിപാലനവും നടപ്പിലാക്കുന്നത് ഏതു രീതിയിലാണെന്നതിന്റെ വിശദാംശങ്ങളും ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

പമ്പ്സെറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും പൂർത്തീകരിച്ചതിനു ശേഷം കൃഷി - അനുബന്ധ മേഖല വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സമിതി ഭാരവാഹികൾ, നിർവഹണോദ്യോഗസ്ഥയോടൊപ്പം സ്ഥലം സന്ദർശിച്ച് ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയെന്നും പമ്പിന്റെ പ്രവർത്തനവും തുടർ പരിപാലനവും പ്രതിപാദിക്കുന്ന എഗ്രിമെന്റ് ഉടനെ കൈമാറുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

5. പമ്പിന്റെ "ഇലക്ട്രിഫിക്കേഷൻ എർത്തിംഗ്" നിലവിൽ ഇൻസുലേറ്റഡ് അല്ലാത്ത രീതിയിൽ ആണ് കാണപ്പെടുന്നത്. അപകടം ഒഴിവാക്കുന്നതിനായി അപാകത പരിഹരിക്കേണ്ടതാണ്.

ആയതിനാൽ മേൽപ്പറഞ്ഞ നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച്, പമ്പ്സെറ്റിന്റെ പ്രവർത്തനം ആരംഭിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതും രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ഇതിനായി ചെലവഴിച്ച ₹19,95,000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S051/22-23 |
| പ്രോജക്ടിന്റെ പേര് | ദി ഓയിൽ ഇൻഡസ്ട്രീസ് & കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്-മുളന്തുരുത്തി കെട്ടിട പുനരുദ്ധാരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ (മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്) |
| അടങ്കൽ | ₹4,73,009/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് | ₹4,73,009/- |

മേൽ പ്രോജക്ട് പ്രകാരം മുളന്തുരുത്തി പഞ്ചായത്തുമായി ചേർന്ന് ദി ഓയിൽ ഇൻഡസ്ട്രീസ് & കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്-മുളന്തുരുത്തി കെട്ടിട പുനരുദ്ധാരണം എന്ന സംയുക്ത പ്രോജക്ടിനായി മേൽ പ്രകാരം വ്യവസായ വികസന ഓഫീസർ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ BRN.No.22110652012901333459 Dt.7/3/23 ൽ മാറിയ ₹176242/- യുടെ ചെലവ് രേഖകൾ മാത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. BRN.No.22110652012900034 9021 Dt.25/7/22 ൽ മാറിയ ₹296767/- യുടെ ചെലവ് രേഖകൾകൂടി പരിശോധനക്കായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 2/22.06.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടി ചെലവ് രേഖകൾ ഓഡിറ്റിന് വിധേയമാക്കുന്നതുവരെ ₹296767/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 ബ്ളോക്ക് ഓഫീസിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്ട് നം. | So 173/23 |
| പ്രോജക്ടിന്റെ പേര് | ബ്ളോക്ക് ഓഫീസിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹1,00,000/-(തനത് ഫണ്ട്) |
| ചെലവ് | ₹26,877/- |
| ബിൽ നം. &തീയതി | TRN No.-410431/28-3-23 |

ഗ്രാമവികസന കമ്മീഷണറുടെ 10-3-2-23 ലെ 4317/പി.എം.2/2023/സി.ഐ.ആർ.ഡി നം. കത്ത് പ്രകാരം എല്ലാ ബ്ളോക്ക് പഞ്ചായത്തുകളിലും പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് കെൽട്രോൺ നല്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ ₹53574/- യുടെ 50% തുക കെൽട്രോണിന് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ആയതുപ്രകാരം ബ്ളോക്ക് ഓഫീസിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി ₹26877/- കെൽട്രോണിന് (തിരുവനന്തപുരം) മേൽ ബിൽപ്രകാരം നല്കിയിട്ടുണ്ട്. നിലവിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചതായി കാണുന്നില്ല. ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 05/25.06.23 നം. ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ കെൽട്രോൺ പഞ്ചിംഗ് മെഷീൻ സപ്ളൈ ചെയ്തിട്ടില്ലായെന്ന് അറിയിച്ചിട്ടുള്ളതാണ്. കെൽട്രോണിൽ നിന്നും പഞ്ചിംഗ് മെഷീൻ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2022-23 വർഷത്തിൽ ബ്ളോക്ക് പഞ്ചായത്ത് താഴെ പറയുന്ന രണ്ട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി യുടെ മൂവാറ്റുപുഴ ഓഫീസിൽ യഥാക്രമം ₹630000/-, ₹530000/- എന്നിങ്ങനെ ആകെ ₹1160000/- ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദവിവരം താഴെ പറയുംപ്രകാരമാണ്.

1)

| | |
|---|---|
| പ്രോജക്ട് നം. | Soo 1/23 |
| പ്രോജക്ടിന്റെ പേര് | ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് വാർഡ് 16-മാർത്തോഴം - കുട്ടേക്കാവ് തീരദേശറോഡ് പൈപ്പ് ലൈൻ നീട്ടൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹5,35,600 (ധന.ക.അവാർഡ്)<br>₹94400 (വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹6,30,000/- |
| ബിൽ നം. &തീയതി | 127/11-3-23 |

2)

| | |
|---|---|
| പ്രോജക്റ്റ് നം. | Soo 2/23 |
| പ്രോജക്റ്റിന്റെ പേര് | ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് വാർഡ്- 2 തേമ്പിള്ളിതാഴം -പാണക്കാട് റോഡ് പൈപ്പ് ലൈൻ നീട്ടൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹5,30,000/- |
| ചെലവ് | ₹5,30,000/- |
| ബിൽ നം. &തീയതി | XYFC/2022-23/p/7/dtd.21-11-22 |

ഈ രണ്ട് പ്രോജക്റ്റുകളുടേയും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/26-6-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് വരെ ₹11,60,000/- (630000+530000) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 മാമോഗ്രാം യൂണിറ്റ് കെട്ടിട നിർമ്മാണം - പ്രൊജക്റ്റ് പൂർത്തീകരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള മുളന്തുരുത്തി സി എച്ച് സി യിൽ സ്ഥാപിക്കുന്ന മാമോഗ്രാം യൂണിറ്റിന്റെ കെട്ടിട നിർമ്മാണത്തിന് 2022-23 ൽ തുക ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 28/22-23 |
| പ്രൊജക്റ്റിന്റെ പേര് | മുളന്തുരുത്തി സി എച്ച് സി യിൽ മാമോഗ്രാം യൂണിറ്റ് കെട്ടിട നിർമ്മാണം (മൂന്നാം ഘട്ടം) |
| അടങ്കൽ | ₹18,00,000 |
| ചെലവ് | ₹14,76,897 |
| ബിൽ നം | 390/25.03.2022 |
| എം ബുക്ക് നം | 281/AEE/21-22 |
| കരാറുകാരൻ | അജി പോൾ |

നിലവിലുള്ള കെട്ടിടത്തിന് സ്റ്റെയർ കേസ് നിർമ്മാണം, ഷീറ്റ് നിർമ്മാണം മുതലായ പ്രവൃത്തികളാണ് ഓഡിറ്റ് വർഷം ചെയ്തിട്ടുള്ളത്. മാമോഗ്രാം കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ/ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 14/27.06.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കലിലെ അപാകത സംബന്ധിച്ച് (യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്തത്) 2020-2021 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നം 1-28 ആയി പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പ്രൊജക്റ്റിന് പ്രായോഗിക ബുദ്ധിമുട്ടും നിർവ്വഹണത്തിലെ കാലതാമസവും ഉണ്ടായിരിക്കെ പുതുതായി പ്രൊജക്റ്റ് ആവിഷ്കരിച്ച് നിർവ്വഹണം നടത്തിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

2. പ്രൊജക്റ്റിന് വേണ്ടി ഇതുവരെ ആകെ ചെലവഴിച്ച തുകയുടെ വിവരവും, ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാമോഗ്രാം പ്രൊജക്റ്റിനോട് അനുബന്ധിച്ച് നടപ്പാക്കുന്ന പ്രൊജക്റ്റുകളുടെ വിവരവും ഫയലിൽ ലഭ്യമല്ലാതിരുന്നതിനാൽ ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കലിലെ അപാകതകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രൊജക്റ്റിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാത്തതിനാലും

ഉദ്ദേശലക്ഷ്യം പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും ₹1476897/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 മരാമത്ത് പൊതു അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ബ്ലോക്ക് പഞ്ചായത്തുകളുടെ മരാമത്ത് ഫയലുകളിൽ ഓഫീസ് നോട്ട് എഴുതി സൂക്ഷിക്കുന്നില്ല. പ്രൊജക്ടിന്റെ നിർവ്വഹണത്തിന്റെ വിശദവിവരം, തുക നൽകിയതിന്റെ വിവരം, കിഴിവുകളുടെ വിവരം, ബഹുവർഷ പ്രൊജക്ടുകളുടെ നിലവിലെ അവസ്ഥ എന്നിവ ഇക്കാരണത്താൽ വ്യക്തമാകുന്നില്ല.

കൂടാതെ താഴെ പറയുന്ന രേഖകൾ /വിവരങ്ങൾ സൂക്ഷിക്കുന്നില്ല.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(2) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(3) ടെണ്ടർ രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

- (I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- (Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല
- (Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(4) പ്രിലിമിനറി എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ സൂക്ഷിച്ചിരിക്കുന്നു.

(5) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(6) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യൂ.ഡി മാനുവൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് പൂർണ്ണമല്ല. ആയതിനാൽ പ്രൊജക്ടുകളുടെ നിർവ്വഹണം പൂർണ്ണമായ രീതിയിൽ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-18 ഷീ ജിം വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ-എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന സംയുക്ത പദ്ധതി.

| | |
|---|---|
| പ്രോജക്ട് നം. | So 167/23 |
| പ്രോജക്ടിന്റെ പേര് | ഷീ ജിം വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ-എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന സംയുക്ത പദ്ധതി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹200000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹199700/- |
| ബിൽ നം &തീയതി | 276/17-3-23 |

ടി പ്രോജക്ട് പ്രകാരം ഷീ ജിം വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ-എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന സംയുക്ത പദ്ധതിക്കായി ₹199700/- എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന് നല്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ₹1,99,700/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 കടവത്താനിക്കൽ മുതൽ പാപ്പനയിൽ ഭാഗം വരെ -തിരുമറയൂർ പാടശേഖരം-ഇലക്ട്രിക്കൽ ലൈൻ വലിക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | So 118/23 |
| പ്രോജക്ടിന്റെ പേര് | കടവത്താനിക്കൽ മുതൽ പാപ്പനയിൽ ഭാഗം വരെ ഇലക്ട്രിക്കൽ ലൈൻ -തിരുമറയൂർ പാടശേഖരം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹500000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹489394/- |
| ബിൽ നം&തീയതി | BRN NO.512254/28-3-23 |

ടി പ്രോജക്ട് പ്രകാരം കടവത്താനിക്കൽ മുതൽ പാപ്പനയിൽ ഭാഗം വരെ (തിരുമറയൂർ പാടശേഖരം) ഇലക്ട്രിക്കൽ ലൈൻ വലിക്കുന്നതിനായി ₹489394/- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പിറവം ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ₹489394/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 വിവിധ പഞ്ചായത്തുകൾക്ക് ബ്ളോക്ക് വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

വിവിധ പഞ്ചായത്തുകൾക്ക് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ബ്ളോക്ക് വിഹിതം നല്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതിന്റെ വിശദവിവരം താഴെ പറയും പ്രകാരമാണ്.

1)

| | പ്രോജക്ട് നം. | പ്രോജക്ട് പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് വിവരം |
|---|---|---|---|---|---|---|
| 1 | 19/23 | എടയ്ക്കാട്ടുവയൽ പാർപ്പകോട് എസ്.ടി.കോളനിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന സംയുക്ത പദ്ധതി. | സെക്രട്ടറി | 88703/-(ടി.എസ്.പി ഫണ്ട്) | 88703/- | ലഭ്യമല്ല |
| 2 | 158/23 | അമ്പാടി മല കമ്മ്യൂണിറ്റി ഹാൾ ഫർണീച്ചർ വാങ്ങൽ-ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന സംയുക്ത പദ്ധതി. | സെക്രട്ടറി | 150000/-(വികസന ഫണ്ട്-ജനറൽ) | 150000/- | 378/28-3-23 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 179/23 | ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിൽ 6 ◌ാം വാർഡിൽ 20 ◌ാം നം അങ്കണവാടിക്ക് ഫർണീച്ചർ വാങ്ങൽ-ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന സംയുക്ത പദ്ധതി. | സെക്രട്ടറി | 64698/-(ധനകാര്യ. ക.അവാർഡ്) | ₹49960/- | XVFC/2022/23/ P/E4. Dtd-30-3-23 |

മേൽ പറഞ്ഞിരിക്കുന്ന 3 പ്രോജക്ടുകളുടേയും വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ₹2,88,663/- യുടെ ചെലവ് (88703+150000+49960) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 2022-23 ഓഡിറ്റിനോടൊപ്പമാണ് കണക്കുകൾ പരിശോധിച്ചത് |

സാക്ഷ്യപത്രം റിപ്പോർട്ടിനൊപ്പം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 1568000 | പി.എം.എ.വൈ ഭവനനിർമ്മാണം | 1568000 | 0 |
| | 2022-23 | 1449000 | പി.എം.എ.വൈ ഭവനനിർമ്മാണം(scp) | 1449000 | 0 |
| ആകെ | | 3017000 | | 3017000 | |
| ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് | 2022-23 | 140000 | പി.എം.എ.വൈ ഭവനനിർമ്മാണം | 140000 | 0 |
| ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് | 2022-23 | 135000 | പി.എം.എ.വൈ ഭവനനിർമ്മാണം(scp) | 135000 | 0 |
| ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് | 2022-23 | 70000 | പി.എം.എ.വൈ ഭവനനിർമ്മാണം | 70000 | 0 |
| എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് | 2022-23 | 90000 | പി.എം.എ.വൈ ഭവനനിർമ്മാണം(scp) | 90000 | 0 |

| | | | | | |
|---|---|---|---|---|---|
| എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് | 2022-23 | 70000 | പി.എം.എ.വൈ ഭവനനിർമ്മാണം | 70000 | 0 |
| മണീട് ഗ്രാമ പഞ്ചായത്ത് | 2022-23 | 420000 | പി.എം.എ.വൈ ഭവനനിർമ്മാണം | 420000 | 0 |
| മണീട് ഗ്രാമ പഞ്ചായത്ത് | 2022-23 | 135000 | പി.എം.എ.വൈ ഭവനനിർമ്മാണം(scp) | 135000 | 0 |
| മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് | 2022-23 | 420000 | പി.എം.എ.വൈ ഭവനനിർമ്മാണം | 420000 | 0 |
| മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് | 2022-23 | 315000 | പി.എം.എ.വൈ ഭവനനിർമ്മാണം(scp) | 315000 | 0 |
| ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത് | 2022-23 | 210000 | പി.എം.എ.വൈ ഭവനനിർമ്മാണം | 210000 | 0 |
| ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത് | 2022-23 | 90000 | പി.എം.എ.വൈ ഭവനനിർമ്മാണം(scp) | 90000 | 0 |
| ആകെ | | 2095000 | | 2095000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/തീയതി | മുൻകൂർ തുക (₹) | ബാക്കി (₹) |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പത്താംമൈൽ പൈപ്പ്ലൈൻ നീട്ടൽ | 22100452 | 238000 | 238000 |
| കേരള വാട്ടർ അതോറിറ്റി | ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പൈപ്പ്ലൈനുകളിൽ വാൽവ് സ്ഥാപിക്കൽ | 22100537 | 500000 | 500000 |
| കേരള വാട്ടർ അതോറിറ്റി | എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് ഊഴക്കോട് കൊല്ലം നിരപ്പ് പൈപ്പ്ലൈൻ നീട്ടൽ | 22100766 | 500000 | 500000 |
| കേരള വാട്ടർ അതോറിറ്റി | ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് മാരേത്താഴം കിട്ടേക്കാവ് പൈപ്പ്ലൈൻ നീട്ടൽ | 126, 21/11/22 | 535600 | 535600 |
| കേരള വാട്ടർ അതോറിറ്റി | ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് തേമ്പിള്ളിത്താഴം പാണക്കാട് പൈപ്പ്ലൈൻ നീട്ടൽ | 119,14/11/22 | 530000 | 530000 |
| | | ആകെ | 2303600 | 2303600 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമി. | കടവത്താനിക്കൽ-പാപ്പനയിൽ ഭാഗംവരെ ഇലക്ട്രിക്ക് ലൈൻ നീട്ടൽ | 383,28/03/23 | 489394 | 489394 |
| | | ആകെ | 489394 | 489394 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-15 | 2010-11 | 5.3.7(1) | സ്വന്തമല്ലാത്ത സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം-പദ്ധതിപ്പണം പാഴായി. | WP(C)31034/14 നമ്പറായി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നു. |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹67977877.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹68606163.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹5906421 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1995000 | ശ്രീമതി ലേഖ കെ. കെ., അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| 1-13 | 296767 | ശ്രീ രാജേഷ് കെ കെ വ്യവസായ വികസന ഓഫീസർ |
| 1-15 | 1160000 | ശ്രീ. സാബു കെ. മാർക്കോസ്, സെക്രട്ടറി |
| 1-16 | 1476897 | ശർമിള സി. പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 199700 | ശ്രീ. സാബു കെ. മാർക്കോസ്, സെക്രട്ടറി |
| 1-19 | 489394 | ശ്രീ. സാബു കെ. മാർക്കോസ്, സെക്രട്ടറി |
| 1-20 | 288663 | ശ്രീ. സാബു കെ. മാർക്കോസ്, സെക്രട്ടറി |
| ആകെ | 59,06,421 | |

ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലേഖ കെ. കെ., അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, മുളന്തുരുത്തി | ചിട്ടേത്തി ഹൗസ്, കടക്കനാട് പി.ഒ, കോലഞ്ചേരി, 682311 |
| ശ്രീ സാബു കെ മാർക്കോസ് സെക്രട്ടറി | സെക്രട്ടറി മുളന്തുരുത്തി ബ്ളോക്ക് പഞ്ചായത്ത് | കാക്കപ്പ്ളാക്കിൽ ടി.ബി.ജംഗ്ഷൻ കൂത്താട്ടുകുളം പി.ഒ എറണാകുളം |
| ശ്രീ രാജേഷ് കെ കെ വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ കളമശ്ശേരി മുൻസിപ്പാലിറ്റി | കൊച്ചുതൈക്കൽ വീട് സൌത്ത് പറവൂർ പി ഒ എറണാകുളം |
| ശ്രീമതി. ശർമിള സി. പി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ്എഞ്ചിനീയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, മുളന്തുരുത്തി | 15/194, ചൂരക്കാട് വീട്, ഷൺമുഖൻ റോഡ്, മരട്, എറണാകുളം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 1998-99 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 1999-2000 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2000-01 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2001-02 | കെ.എസ്.എ-ഇ.കെ.എം (ബിപി) 382/18 തീ. 9.4.2018 |
| 2002-03 | കെ.എസ്.എ-ഇ.കെ.എം (ബിപി) 382/18 തീ. 9.4.2018 |
| 2003-04 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2004-05 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2007-08 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1712/2021 തീ. 14.12.2021 |

| | |
|---|---|
| 2009-10 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 1991/14 തീ. 23.1.2015 |
| 2011-12 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.2) 266/15 തീ.16.5.2015 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2014-15 & 2015-16 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2016-17 | കെ.എസ്.എ ഇ.കെ.എം.(ബി.പി)2338/18/തീ. 07.06.2019 |
| 2017-18 | കെ.എസ്.എ ഇ.കെ.എം.(ബി.പി)341/2019/തീ. 01.01.2021 |
| 2018-19 | കെ.എസ്.എ ഇ.കെ.എം.(ബി.പി)1547/2019 തീ. 09.12.2020 |
| 2019-20 | കെ.എസ്.എ ഇ.കെ.എം.(ബി.പി)908/2020 തീ.04.12.2021 |
| 2020-21 | കെ.എസ്.എ ഇ.കെ.എം.(ബി.പി) /2021 തീ. |
| 2021-22 | കെ.എസ്.എ ഇ.കെ.എം.(ബി.പി)355/23 തീ.24/04/2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 16-05-2023 and submitted on 17-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mulanthuruthy Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mulanthuruthy Block Panchayat for the year 2022-2023

Date: 30/09/2023

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Mulanthuruthy Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The Asset value shown in Balance Sheet is not traceable to Asset register

Due to un supported design of existing asset register.

**2.Other Observations**

1) According to ACR Development fund TSP, project no.19/22 the expenditure is 88705/- but it is not included in sulekha expenditure statement and RP-7 schedule.

2) As per annual financial statement, schedule RP-5 there is 16610/- sale of tender form.
But the register of tender forms has not been made available for audit.

Joint Director,
Kerala State Audit Department,
District Office Ernakulam

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്